"ഭരണഭാഷ-മാതൃഭാഷ-"

## സാമൂഹ്യനീതി ഡയറക്ടറുടെ നടപടിക്രമങ്ങൾ

(സാന്നിദ്ധ്യം: ശ്രീ.വി.എൻ.ജിതേന്ദ്രൻ, I.A.S)

തിരുവനന്തപുരം

ഉത്തരവ് നം.: E9-37883/13. തീയതി: 29-1-2014

വിഷയം: സാ.നീതി വകുപ്പ്- ജീവനക്കാര്യം - 10.08.2010 തീയതി പ്രാബല്യത്തിൽ ചൈൽഡ് വെൽഫെയർ ഇൻസ്പെക്ടർ തസ്തികയിലെ ജീവനക്കാരുടെ കരട് സീനിയോറിറ്റി ലിസ്റ്റ് - ആക്ഷേപങ്ങളും പരാതികളും പരിശോധിച്ച് തീർപ്പ് കൽപ്പിച്ച് -അന്തിമ സീനിയോറിറ്റി ലിസ്റ്റ് പ്രസിദ്ധീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:
1. G.O(P)നം.29/1992/ സാ.ക്ഷേ.വ തീയതി: 05.08.1992.
2. G.O(P) നം.54/2010/സാ.ക്ഷേ.വ തീയതി: 10.08.2010.
3. ശ്രീ.ചന്ദ്രൻ കണ്ണാലിയിൽ മുതൽ പേർ ഫയൽ ചെയ്ത് OA(EKM)No.4/2013-ൻമേൽ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ പുറപ്പെടുവിച്ച 19.2.2013ലെ വിധിന്യായം.
4. ശ്രീ.ടി.അജിത്കുമാർ മുതൽ പേർ ഫയൽ ചെയ്ത് OA No.1969/2012 ഹർജിയിൻമേൽ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ പുറപ്പെടുവിച്ച 26.9.2013ലെ വിധിന്യായം.
5. ശ്രീമതി.എം.എസ്.ചിത്ര മുതൽപേർ ഫയൽ ചെയ്ത OA No.2277/2012ന്മേൽ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ പുറപ്പെടുവിച്ച 30.10.2013ലെ വിധിന്യായം.
6. സർക്കാർ ഉത്തരവ് (സാധാ)നം. 474/2013/SJD dt. 20.9.2013.
7. സർക്കാർ കത്ത് നം.13506/എ1/2012 സാ.നീ.വ തീയതി: 27.07.2013.
8. സാമൂഹ്യനീതി ഡയറക്ടർ പുറപ്പെടുവിച്ച 6.12.2013ലെ ഇതേ നമ്പർ നടപടിക്രമങ്ങൾ.
9. ജൂനിയർ സൂപ്രണ്ട് തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ശ്രീ.കെ.ബാഹുലേയൻ നായർ(17.1.2014), ശ്രീ.പി.പ്രദീപ് (17.1.2014), ശ്രീ.എ.കെ.ഹരികുമാരൻ നായർ (18.1.2014), ശ്രീ.എം.വേണുക്കുട്ടൻ(15.1.2014), ശ്രീ.കെ.മനോഹരൻ (10.12.2013) എന്നിവർ സമർപ്പിച്ച ഓപ്ഷൻ.
10. ഡെപ്യൂട്ടി സൂപ്രണ്ട് ഗ്രേഡ് -II തസ്തികയിൽ തൃശൂർ ഗവ.ചിൽഡ്രൻസ് ഹോമിൽ സേവനമനുഷ്ഠിക്കുന്ന ശ്രീ. കെ.ആർ.പ്രദീപൻ സമർപ്പിച്ച 7.1.2014ലെ ഓപ്ഷൻ.
11. സൂപ്രണ്ട് ഗ്രേഡ് II തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ശ്രീ.പരമേശ്വരൻ പി.(11.12.2013), ശ്രീ.ജെ.മോഹൻദാസ്(2.1.2014) എന്നിവർ സമർപ്പിച്ച റീ-ഓപ്ഷൻ
12. ശ്രീ.എം.ജയകുമാർ, CWI (ഇപ്പോൾ ഹെഡ് അക്കൗണ്ടന്റ് തസ്തികയിൽ കോഴിക്കോട് റൂറൽ ഐ.സി.ഡി.എസിൽ സേവനമനുഷ്ഠിക്കുന്ന) സമർപ്പിച്ച 17.1.2014ലെ ഓപ്ഷൻ.
13. ശ്രീ.നാരായണൻ പി., CWI, ഗവ.ചിൽഡ്രൻസ് ഹോം, തൃശൂർ സമർപ്പിച്ച 15.1.2014 തീയതിയിലെ ആക്ഷേപം.
14. ശ്രീമതി.മോളി എം.സി, CWI, ഗവ. ചിൽഡ്രൻസ് ഹോം (ഗേൾസ്), കോഴിക്കോട് സമർപ്പിച്ച 19.12.2013 തീയതിയിലെ ആക്ഷേപം.
15. ശ്രീ.പ്രകാശൻ.കെ, സ്പെഷ്യൽ ടീച്ചർ, HMDC, കോഴിക്കോട്, സമർപ്പിച്ച 10.1.2014 തീയതിയിലെ ആക്ഷേപം.

16. ശ്രീമതി.കെ.കെ.ഉഷ, സ്പെഷ്യൽ ടീച്ചർ, ആശാഭവൻ (സ്ത്രീകൾ) തിരുവനന്തപുരം സമർപ്പിച്ച 1.1.2014 തീയതിയിലെ ആക്ഷേപം.
17. ശ്രീമതി.എം.ഷൈനിമോൾ, സ്പെഷ്യൽ ടീച്ചർ, കെയർഹോം, പുലയനാർകോട്ട സമർപ്പിച്ച 7.1.2014 തീയതിയിലെ ആക്ഷേപം.
18. സാമൂഹ്യനീതി ഡയറക്ടറുടെ 26.7.2011ലെ ഇ9-3239/2011- ാം നമ്പർ നടപടിക്രമങ്ങൾ.

സാമൂഹ്യനീതി വകുപ്പിൽ ചൈൽഡ് വെൽഫെയർ ഇൻസ്പെക്ടർ തസ്തികയിൽ സേവനമനുഷ്ഠിച്ച് വരവെ 31.5.2013ൽ സർവ്വീസിൽ നിന്ന് പെൻഷൻപറ്റി പിരിഞ്ഞ ശ്രീ.ചന്ദ്രൻ കണ്ണാലിയിലും കൂട്ടരും ഫയൽ ചെയ്തിരുന്ന ഹർജിയിൻമേൽ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ പുറപ്പെടുവിച്ച പരാമർശം (3)ലെ ഉത്തരവ് നടപ്പിലാക്കിക്കൊണ്ട് സർക്കാർ പുറപ്പെടുവിച്ച പരാമർശം (6)ലെ ഉത്തരവിൽ, പരാമർശം (2) പ്രകാരം നിലവിൽ വന്ന കേരള സോഷ്യൽ വെൽഫെയർ സബോർഡിനേറ്റ് സർവ്വീസ് റൂൾസിൽ കാറ്റഗറി 12ൽ ഉൾപ്പെടുന്ന ക്ഷേമസ്ഥാപന സൂപ്രണ്ട് ഗ്രേഡ് III / ചൈൽഡ് വെൽഫെയർ തസ്തികയിലേയ്ക്ക് 10.8.2010 തീയതിക്കു ശേഷം നടത്തപ്പെട്ട ഉദ്യോഗക്കയറ്റങ്ങൾ വിശേഷാൽ ചട്ടാനുസരണം പുനഃപരിശോധിക്കണമെന്ന് നിയമനാധികാരിയായ സാമൂഹ്യനീതി ഡയറക്ടറോട് നിർദ്ദേശിച്ചിട്ടുണ്ട്.

2. കെയർടേക്കർ തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ശ്രീ.ടി.അജിത്കുമാറും കൂട്ടരും ചേർന്ന് സമർപ്പിച്ച OA No.1969/2012 നം. ഹർജിയിൻമേൽ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ പുറപ്പെടുവിച്ച പരാമർശം (4)ലെ വിധിന്യായത്തിൽ, പരാമർശം (2) പ്രകാരമുള്ള വിശേഷാൽ ചട്ടത്തിൽ ക്ഷേമസ്ഥാപന സൂപ്രണ്ട് / ചൈൽഡ് വെൽഫയർ ഇൻസ്പെക്ടർ തസ്തികയിൽ നിജപ്പെടുത്തിയിട്ടുള്ള റേഷ്യോ പ്രകാരം ഉദ്യോഗക്കയറ്റം നൽകണമെന്നും ഏതെങ്കിലും ഫീഡർ കാറ്റഗറിയിൽപ്പെട്ട ജീവനക്കാരെ റേഷ്യോ മറികടന്ന് നിയമിച്ചിട്ടുണ്ടെങ്കിൽ ആയത് റിവർഷൻമുഖേന ക്രമീകരിച്ച് അർഹരായവർക്ക് ഉദ്യോഗക്കയറ്റം നൽകണമെന്ന് നിർദ്ദേശിച്ച് ഉത്തരവായിട്ടുണ്ട്.

3. ഹെഡ് അക്കൗണ്ടന്റ് തസ്തികയിൽ സേവനമനുഷ്ടിക്കുന്ന ശ്രീമതി.ചിത്രയും കൂട്ടരും ഫയൽ ചെയ്ത OA No.2277 / 2012 ൻമേൽ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ പുറപ്പെടുവിച്ച 30.10.2013ലെ വിധിന്യായത്തിൽ പരാമർശം (7) ലെ സർക്കാർ കത്തിലെ നിർദ്ദേശം നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കണമെന്ന് നിർദ്ദേശിച്ചിരുന്നു.

4. 10.8.2010-ൽ പരാമർശം (2) ലെ വിശേഷാൽ ചട്ടങ്ങൾ നിലവിൽ വന്നതിനു ശേഷം കാറ്റഗറി 12ൽ ഉൾപ്പെടുന്ന ക്ഷേമസ്ഥാപന സൂപ്രണ്ട് ഗ്രേഡ് III / ചൈൽഡ് വെൽഫെയർ ഇൻസ്പെക്ടർ തസ്തികയിൽ സീനിയോറിറ്റി ലിസ്റ്റ് തയ്യാറാക്കേണ്ട വിധത്തെ കുറിച്ച് പരാമർശം (7) പ്രകാരം സർക്കാർ ഇപ്രകാരം സ്പഷ്ടീകരിച്ചിട്ടുണ്ട്. "വകുപ്പിലെ ചൈൽഡ് വെൽഫെയർ ഇൻസ്പെക്ടർ തസ്തികയും ഹെഡ് അക്കൗണ്ടന്റ് തസ്തികയും ബന്ധപ്പെട്ട സ്പെഷ്യൽ റൂളുകൾ പ്രകാരം മാറ്റാവുന്നവയല്ലാത്തതിനാൽ 10.8.2010 തീയതിയിൽ ടി തസ്തികയിലുണ്ടായിരുന്ന ജീവനക്കാരെ അതാത് തസ്തികകളിൽ നിലനിർത്തിക്കൊണ്ട് ഉദ്യോഗക്കയറ്റം ലഭിക്കേണ്ട ഓരോ തസ്തികയിലേയ്ക്കും ടി തീയതി വെച്ച് പുതുക്കിയ സീനിയോറിറ്റി ലിസ്റ്റ് തയ്യാറാക്കണമെന്നും വിശേഷാൽ ചട്ടത്തിന് അനുസൃതമായി പ്രൊമോഷൻ നൽകിക്കഴിഞ്ഞ ജീവനക്കാർ അവരുടെ ആദ്യ ചാനലിലേക്ക് മടങ്ങിപ്പോകാൻ താൽപ്പര്യപ്പെടുന്ന പക്ഷം (വിശേഷാൽ ചട്ടങ്ങളിൽ ഓപ്ഷൻ വാങ്ങണമെന്ന് വ്യക്തമായി സൂചിപ്പിക്കപ്പെട്ട തസ്തികകൾ ഒഴികെ) വിശേഷാൽ ചട്ടത്തിലെ ചട്ടം 13 പ്രകാരം ഓപ്ഷന് അവസരം നൽകേണ്ടതുണ്ടെന്നും സ്പഷ്ടീകരിച്ചിട്ടുണ്ട്."

5. പരാമർശം (2) ലെ വിശേഷാൽ ചട്ടം നിലവിൽ വന്ന 10.08.2010 തീയതിയിൽ കാറ്റഗറി 12ൽ ഉൾപ്പെടുന്ന ചൈൽഡ് വെൽഫെയർ ഇൻസ്പെക്ടർ തസ്തികയിൽ ഉണ്ടായിരുന്ന ജീവനക്കാരെ ഉൾപ്പെടുത്തി സീനിയോറിററി ലിസ്റ്റ് വകുപ്പിൽ പ്രസിദ്ധീകരിച്ചിരുന്നില്ല. ഇത് വിശേഷാൽ ചട്ടങ്ങൾക്കനുസൃതമായി ഉദ്യോഗക്കയറ്റം അനുവദിക്കുന്നതിന് തടസ്സങ്ങൾ സൃഷ്ടിച്ചു എന്ന് മാത്രമല്ല, കാറ്റഗറി 12ലേയ്ക്ക് നടത്തപ്പെട്ട ഉദ്യോഗക്കയറ്റ നിയമനങ്ങളെല്ലാം വിശേഷാൽ ചട്ടങ്ങൾക്ക് വിരുദ്ധമായിട്ടുള്ളതാണെന്ന ആരോപണങ്ങൾക്കും തൽഫലമായി കോടതി വ്യവഹാരങ്ങൾക്ക് കാരണമാവുകയും ചെയ്തു. ഈ സാഹചര്യത്തിൽ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ പുറപ്പെടുവിച്ച പരാമർശം (3) (4), (5) എന്നിവയിലെ വിധിന്യായത്തിന്റെയും പരാമർശം (6) സർക്കാർ ഉത്തരവിന്റെയും പരാമർശം (7)ലെ സർക്കാർ നിർദ്ദേശങ്ങൾക്കും അനുസൃതമായി ചൈൽഡ് വെൽഫെയർ ഇൻസ്പെക്ടർ തസ്തികയിൽ KS&SSR ചട്ടം 28 A(1) പ്രകാരം പാരമർശം (1)ലെ വിശേഷാൽ ചട്ടപ്രകാരം ഉദ്യോഗക്കയറ്റം ലഭിച്ച ജീവനക്കാരിൽ പരാമർശം (2)ലെ വിശേഷാൽ ചട്ടം നിലവിൽ വന്ന 10.8.2010 തീയതിയിൽ ടി. തസ്തികയിൽ ഉണ്ടായിരുന്ന ജീവനക്കാരെ ഉൾപ്പെടുത്തി (ചൈൽഡ് വെൽഫെയർ ഇൻസ്പെക്ടർ തസ്തികയിൽ നിന്ന് ACDPO, CDPO തസ്തികയിലേയ്ക്ക് ഉദ്യോഗക്കയറ്റം ലഭിച്ച 5 ജീവനക്കാരെ ഒഴിവാക്കി). 10.8.2010 തീയതി പ്രാബല്യത്തിൽ പരാമർശം (8) പ്രകാരം കരട് സീനിയോറിറ്റി ലിസ്റ്റ്, ആക്ഷേപങ്ങളും പരാതികളും സമർപ്പിക്കുന്നതിന് 45 ദിവസത്തെ സാവകാശം അനുവദിച്ച് പ്രസിദ്ധീകരിച്ചിരുന്നു. അപ്രകാരം പരാമർശം 9 മുതൽ 17 വരെ ലഭിച്ച ഓപ്ഷനുകൾ / ആക്ഷേപങ്ങൾ / പരാതികൾ വിശേഷാൽ ചട്ടാനുസരണം പരിശോധിച്ച് ചുവടെ പറയും പ്രകാരം തീർപ്പ് കൽപ്പിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(i) ഇപ്പോൾ ജൂനിയർ സൂപ്രണ്ട് തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ശ്രീ.കെ.ബാഹുലേയൻ നായർ, ശ്രീ.പ്രദീപ്.പി, ശ്രീ.എ.കെ.ഹരികുമാരൻ നായർ, ശ്രീ.എം.വേണുക്കുട്ടൻ, ശ്രീ.മനോഹരൻ.കെ എന്നീ ജീവനക്കാർ മാതൃസർവ്വീസായ കേരള മിനിസ്റ്റീരിയൽ സബോർഡിനേറ്റ് സർവ്വീസ് റൂൾസ് വഴിയുള്ള ഉദ്യോഗക്കയറ്റം ഓപ്റ്റ് ചെയ്ത് സമർപ്പിച്ച പരാമർശം (9) പ്രകാരമുള്ള ഓപ്ഷൻ 10.8.2010 തീയതി പ്രാബല്യത്തിൽ നിലവിൽ വന്ന കേരള സോഷ്യൽവെൽഫെയർ സബോർഡിനേറ്റ് സർവ്വീസ് റൂൾസ് ചട്ടം 13 പ്രകാരം അംഗീകരിക്കുന്നു.

(ii) ഇപ്പോൾ തൃശൂർ ഗവ.ചിൽഡ്രൻസ് ഹോമിൽ ഡെപ്യൂട്ടി സൂപ്രണ്ട് തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ശ്രീ.കെ.ആർ.പ്രദീപൻ മാതൃസർവ്വീസായ കേരള മിനിസ്റ്റീരിയൽ സബോർഡിനേറ്റ് സർവ്വീസ് റൂൾസ് വഴിയുള്ള ഉദ്യോഗക്കയറ്റം ഓപ്റ്റ് ചെയ്ത് സമർപ്പിച്ച പരാമർശം (10) പ്രകാരമുള്ള ഓപ്ഷൻ 10.8.2010 തീയതി പ്രാബല്യത്തിൽ നിലവിൽ വന്ന കേരള സോഷ്യൽവെൽഫെയർ സബോർഡിനേറ്റ് സർവ്വീസ് റൂൾസ് ചട്ടം 13 പ്രകാരം അംഗീകരിക്കുന്നു.

(iii) ഇപ്പോൾ മലപ്പുറം ഒബ്സർവേഷൻ ഹോമിൽ ഇൻസ്റ്റിറ്റ്യൂഷൻ സൂപ്രണ്ട് ഗ്രേഡ് II തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ശ്രീ. പി.പരമേശ്വരൻ, തിരുവനന്തപുരം ഗവ.ഒബ്സർവേഷൻ ഹോമിൽ ഇൻസ്റ്റിറ്റ്യൂഷൻ സൂപ്രണ്ട് ഗ്രേഡ് II തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ശ്രീ.ജെ.മോഹൻദാസ് എന്നീ ജീവനക്കാർ മാതൃസർവ്വീസായ കേരള മിനിസ്റ്റീരിയൽ സബോർഡിനേറ്റ് സർവ്വീസ് റൂൾസ് വഴിയുള്ള ഉദ്യോഗക്കയറ്റം ഓപ്റ്റ് ചെയ്ത് സമർപ്പിച്ച പരാമർശം (11) പ്രകാരമുള്ള ഓപ്ഷൻ 10.8.2010 തീയതി പ്രാബല്യത്തിൽ നിലവിൽ വന്ന കേരള സോഷ്യൽവെൽഫെയർ സബോർഡിനേറ്റ് സർവ്വീസ് റൂൾസ് ചട്ടം 13 പ്രകാരം അംഗീകരിക്കുന്നു.

(iv) ചൈൽഡ് ഫെൽഫയർ ഇൻസ്പെക്ടർ തസ്തികയിൽ ഉദ്യോഗക്കയറ്റം ലഭിച്ച് ഇപ്പോൾ ഹെഡ് അക്കൗണ്ടന്റായി കോഴിക്കോട് റൂറൽ ഐ.സി.ഡി.സിൽ സേവനമനുഷ്ഠിക്കുന്ന ശ്രീ.എം.ജയകുമാർ മാതൃസർവ്വീസായ കേരള മിനിസ്റ്റീരിയൽ സബോർഡിനേറ്റ് സർവ്വീസ് റൂൾസ്

വഴിയുള്ള ഉദ്യോഗക്കയറ്റം ഓപ്റ്റ് ചെയ്ത് സമർപ്പിച്ച പരാമർശം (12) പ്രകാരമുള്ള ഓപ്ഷൻ 10.8.2010 തീയതി പ്രാബല്യത്തിൽ നിലവിൽ വന്ന കേരള സോഷ്യൽവെൽഫെയർ സബോർഡിനേറ്റ് സർവ്വീസ് റൂൾസ് ചട്ടം 13 പ്രകാരം അംഗീകരിക്കുന്നു.

(v) ചൈൽഡ് വെൽഫെയർ ഇൻസ്പെക്ടർ തസ്തികയിൽ തൃശൂർ ഗവ. ചിൽഡ്രൻസ് ഹോം, കോഴിക്കോട് ഗവ. ചിൽഡ്രൻസ് ഹോം (ഗേൾസ്) എന്നീ ക്ഷേമ സ്ഥാപനങ്ങളിൽ സേവനമനുഷ്ഠിക്കുന്ന ശ്രീ.നാരായണൻ.പി, ശ്രീമതി.എം.സി.മോളി, എന്നിവർ ചൈൽഡ് വെൽഫെയർ ഇൻസ്പെക്ടർ തസ്തികയിൽ പരാമർശം (1)ലെ വിശേഷാൽ ചട്ട പ്രകാരം ഉദ്യോഗക്കയറ്റം ലഭിച്ചിട്ടുള്ള ജീവനക്കാർക്ക് പരാമർശം (2) പ്രകാരം നിലവിലുള്ള വിശേഷാൽ ചട്ടത്തിൽ മുൻകാല പ്രാബല്യം പറഞ്ഞിട്ടില്ലാത്തതിനാൽ പരാമർശം (8) പ്രകാരം പ്രസിദ്ധീകരിച്ചിട്ടുള്ള കരട് സീനിയോറിറ്റി ലിസ്റ്റ് റദ്ദ് ചെയ്യണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് പരാമർശം (13) (14) പ്രകാരം സമർപ്പിച്ച പരാതികൾ പരിശോധിച്ചു. പരാമർശം (1)ലെ വിശേഷാൽ ചട്ടപ്രകാരം KS & SSR ചട്ടം 28 (A(i) അനുസരിച്ച് 10.8.2010ന് മുമ്പ് ചൈൽഡ് വെൽഫെയർ ഇൻസ്പെക്ടർ തസ്തികയിൽ ഉദ്യോഗക്കയറ്റം ലഭിച്ചതും പരാമർശം (2) പ്രകാരമുള്ള വിശേഷാൽ ചട്ടം നിലവിൽ 10.8.2010ൽ ടി തസ്തികയിൽ തുടരുന്ന ജീവനക്കാരെ നിലനിർത്തിക്കൊണ്ട് പരാമർശം (8) പ്രകാരം കരട് സീനിയോറിറ്റി ലിസ്റ്റ് പ്രസിദ്ധപ്പെടുത്തിയിട്ടുള്ളത് വിശേഷാൽ ചട്ടങ്ങൾക്ക് അനുസൃതമായിട്ടുള്ളതിനാൽ ഈ പരാതികൾ ചട്ടപ്രകാരം നിലനിൽക്കുന്നതല്ല. ആയതിനാൽ, പ്രസ്തുത പരാതികൾ നിരാകരിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(vi) സ്പെഷ്യൽ ടീച്ചർ തസ്തികയിൽ സേവനമനുഷ്ടിക്കുന്ന ശ്രീ.കെ.പ്രകാശൻ, ശ്രീമതി.കെ.കെ.ഉഷ, ശ്രീമതി.എം.ഷൈനിമോൾ എന്നിവർ പരാമർശം (1) പ്രകാരം നിലവിലുണ്ടായിരുന്ന കേരള സോഷ്യവെൽഫെയർ സബോർഡിനേറ്റ് സർവ്വീസ് റൂൾസ് പ്രകാരം ചൈൽഡ് വെൽഫെയർ ഇൻസ്പെക്ടർ തസ്തികയിലേയ്ക്ക് ഉദ്യോഗക്കയറ്റത്തിന് അർഹതയുണ്ടായിരുന്നെന്നും ആയതിനാൽ പ്രസ്തുത തസ്തികയിലേയ്ക്ക് ഉദ്യോഗക്കയറ്റം നൽകി സർവ്വീസ് സീനിയോറിറ്റി അനുവദിച്ച് നൽകണമെന്നും പരാമർശം (15), (16), (17) പ്രകാരം അപേക്ഷ സമർപ്പിക്കുകയുണ്ടായി. പ്രസ്തുത അപേക്ഷ വിശേഷാൽ ചട്ടാനുസരണം പരിശോധിച്ചു. പരാമർശം (2)ലെ വിശേഷാൽ ചട്ടം നിലവിൽ വന്ന 10.8.2010 തീയതിയിൽ ചൈൽഡ് വെൽഫെയർ ഇൻസ്പെക്ടർ തസ്തികയിൽ ഉണ്ടായിരുന്ന ജീവനക്കാരെ ഉൾപ്പെടുത്തിയാണ് പരാമർശം (8) പ്രകാരമുള്ള കരട് സീനിയോറിറ്റി ലിസ്റ്റ് പ്രസിദ്ധപ്പെടുത്തിയിട്ടുള്ളത്. 5.8.92 തീയതി പ്രാബല്യത്തിൽ പരാമർശം (1) പ്രകാരം 9.8.2010 വരെ വകുപ്പിൽ നിലനിന്നിരുന്ന കേരള സോഷ്യൽ വെൽഫെയർ സോബോർഡിനേറ്റ് സർവ്വീസ് റൂൾസിൽ ചൈൽഡ് വെൽഫെയർ ഇൻസ്പെക്ടർ തസ്തികയുടെ ഫീഡർ കാറ്റഗറിയായി ഉൾപ്പെട്ടിരുന്നവരും എന്നാൽ പ്രസ്തുത ചട്ടം നിലനിൽക്കവേ ചൈൽഡ് വെൽഫെയർ ഇൻസ്പെക്ടർ തസ്തികയിൽ ഉദ്യോഗക്കയറ്റം ലഭിക്കാത്തവരുമായ സ്പെഷ്യൽ ടീച്ചർ തസ്തികയിലുള്ള പരാതിക്കാരെ 10.8.2010 തീയതിയിൽ ചൈൽഡ് വെൽഫെയർ ഇൻസ്പെക്ടർ തസ്തികയുടെ സീനിയോറിറ്റി ലിസ്റ്റിൽ ഉൾപ്പെടുത്തുവാൻ ചട്ടപ്രകാരം സാധ്യമല്ല. പരാമർശം (2) പ്രകാരം 10.8.2010 തീയതിയിൽ പ്രാബല്യത്തിൽ നിലവിൽ വന്ന കേരള സോഷ്യൽ വെൽഫെയർ സബോർഡിനേറ്റ് സർവ്വീസ് റൂൾസിൽ കാറ്റഗറി 12ൽ ഉൾപ്പെടുന്ന ക്ഷേമസ്ഥാപന സൂപ്രണ്ട് ഗ്രേഡ് III / ചൈൽഡ് വെൽഫെയർ ഇൻസ്പെക്ടർ തസ്തികയിലേയ്ക്കുള്ള ഒരു ഫീഡർ കാറ്റഗറിയായി പരാതിക്കാർ സേവനമനുഷ്ഠിക്കുന്ന സ്പെഷ്യൽ ടീച്ചർ തസ്തിക ഉൾപ്പെടുത്തിയിട്ടുമില്ല. ഈ സാഹചര്യത്തിൽ പരാമർശം (3), (4), (5) (6) ലെ സർക്കാർ ഉത്തരവിന്റെയും പരാമർശം (7)ലെ സർക്കാർ കത്തിന്റെയും അടിസ്ഥാനത്തിൽ പരാതിക്കാരുടെ ഇപ്പോഴത്തെ വാദം പരിഗണനാർഹമല്ലാ എന്ന് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ജീവനക്കാരുടെ അപേക്ഷ നിരസിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

6) പരാമർശം (8) പ്രകാരം പുറപ്പെടുവിച്ച കരട് സീനിയോറിറ്റി ലിസ്റ്റിൽ ക്രമ നം.11 ആയി ഉൾപ്പെട്ടിട്ടുള്ള ശ്രീമതി.സി.ബേബിയമ്മ 31.3.2010ൽ സർവ്വീസിൽ നിന്ന് വിരമിച്ച സാഹചര്യത്തിൽ ടിയാളെ അന്തിമ സീനിയോറിറ്റി ലിസ്റ്റിൽ നിന്ന് ഒഴിവാക്കിയും ഉത്തരവ് പുറപ്പെടുവിക്കുന്നു.

7) ഈ സാഹചര്യത്തിൽ സാമൂഹ്യനീതി വകുപ്പിൽ ചൈൽഡ് വെൽഫെയർ ഇൻസ്പെക്ടർ തസ്തികയിൽ 10.8.2010-ൽ പ്രാബല്യത്തിൽ ഉണ്ടായിരുന്ന ജീവനക്കാരുടെ കരട് സീനിയോറിറ്റി ലിസ്റ്റ് പരാമർശം (6)ലെ ഖണ്ഡിക 5(iii)-ൽ നിർദ്ദേശിച്ച പ്രകാരം ഫൈനലൈസ് ചെയ്ത് അന്തിമ സീനിയോറിറ്റി ലിസ്റ്റ് ഇതിനാൽ അംഗീകരിച്ച് ഉത്തരവാകുന്നു.

8) ചൈൽഡ് വെൽഫെയർ തസ്തികയിൽ ഈ അന്തിമ സീനിയോറിറ്റി ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളതും എന്നാൽ വിശേഷാൽ ചട്ടത്തിലെ ചട്ടം (13) പ്രകാരം മിനിസ്റ്റീരിയൽ സബോർഡിനേറ്റ് സർവ്വീസിലേയ്ക്ക് ഓപ്ഷൻ നൽകാത്തതുമായ ജീവനക്കാരിൽ പരാമർശം (18) പ്രകാരം പുറപ്പെടുവിച്ചിട്ടുള്ള ഹെഡ് അക്കൗണ്ടന്റ് / ഗ്രേഡ് III വിഭാഗം ജീവനക്കാരുടെ സീനിയോറിറ്റി ലിസ്റ്റിൽ ഹെഡ് അക്കൗണ്ടന്റായി കടന്നുകൂടിയിട്ടുള്ള ശ്രീ.കെ.ശ്രീകുമാർ (ക്രമ നം.233), ശ്രീ.എ.പോൾരാജ് (ക്രമ നം. 240), ശ്രീ.വി.ശ്രീകുമാർ (ക്രമ നം.265), ശ്രീ.കെ.ജെ.ജോൺ ജോഷി (ക്രമ നം.273), ശ്രീമതി.ബീനജോർജ് (ക്രമ നം. 275(എ), ശ്രീ.എസ്.ജയൻ (ക്രമ നം. 285), ശ്രീ.സെബാസ്റ്റ്യൻ അഗസ്റ്റിൻ (ക്രമ നം. 286), ശ്രീ.പി.എം.വിനോദ്കുമാർ (ക്രമ നം. 287) ശ്രീ.ടി.ഫസലുദ്ദീൻ (ക്രമ നം.307) എന്നീ ജീവനക്കാരെ പരാമർശം (18) പ്രകാരം പുറപ്പെടുവിച്ചിട്ടുള്ള അന്തിമ സീനിയോറിറ്റി ലിസ്റ്റിൽ നിന്ന് ഒഴിവാക്കിയും ഉത്തരവ് പുറപ്പെടുവിക്കുന്നു.

9) ഹെഡ് അക്കൗണ്ടന്റ് / ചൈൽഡ് വെൽഫെയർ ഇൻസ്പെക്ടർ തസ്തികകളിൽ പുനഃക്രമീകരണം വരുത്തി സാമൂഹ്യനീതി ഡയറക്ടർ പുറപ്പെടുവിച്ച 2.8.2011ലെ ഇ7-24510/2011 നമ്പരായുള്ള നടപടിക്രമങ്ങൾ പരാമർശം (3)ലെ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ പരാമർശം (6) പ്രകാരം സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവിൽ പുനപരിശോധന നടത്തി ചട്ടപ്രകാരം പുനഃക്രമീകരിക്കണമെന്ന നിർദ്ദേശം ഈ ഉത്തരവിന്റെ അടിസ്ഥാനത്തിൽ നടപ്പിൽ വരുത്തേണ്ടതാണ്.

(ഒപ്പ്)
**സാമൂഹ്യനീതി ഡയറക്ടർ**

ബന്ധപ്പെട്ട ജീവനക്കാർക്ക്

പകർപ്പ്:-

1. ബന്ധപ്പെട്ട കാര്യാലയമേധാവികൾക്ക്.
2. പ്രസിദ്ധീകരണത്തിന് (website)
3. ഇ1 മുതൽ ഇ13 വരെ.
4. എ.ഒ യുടെ മേശപ്പുറത്ത്.
5. സെക്ഷൻ / സ്റ്റോക്ക് ഫയൽ.

ഉത്തരവിൻ പ്രകാരം

സൂപ്രണ്ട്

DB/2014

സാമൂഹ്യനീതി വകുപ്പിൽ 10-08-2010 തീയതി പ്രാബല്യത്തിൽ ചൈൽഡ് വെൽഫെയർ ഇൻസ്പെക്ടർ തസ്തികയിൽ ഉള്ള ജീവനക്കാരുടെ ഫൈനൽ സീനിയോറിറ്റി ലിസ്റ്റ്

(As per GO(P) No. 29/1992 SWD dated 05-08-1992 and GO(P) No. 54/2010 SWD dated 10-08-2010)

| സീനിയോറിറ്റി നമ്പർ | ജീവനക്കാരുടെ പേര് | തസ്തിക | ജനനതീയതി | വിദ്യാഭ്യാസ യോഗ്യത | | അഡ്വൈസ്മെന്റ് തീയതി | CWI തസ്തികയിൽ ഉദ്യോഗക്കയറ്റം നൽകിയ ഉത്തരവ് നമ്പരും തീയതിയും | അഭിപ്രായം |
|---|---|---|---|---|---|---|---|---|
| | | | | ജനറൽ | സ്പെഷ്യൽ | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 |
| 1. | കെ. ബാഹുലേയൻ നായർ | ചൈൽഡ് വെൽഫെയർ ഇൻസ്പെക്ടർ | 30-05-1961 | BA | MOP ,A/c test (L) 12/94 | 03-03-2008 | E7/5100/08 dt.3-3-2008 | മിനിസ്റ്റീരിയൽ സബോർഡിനേറ്റ് സർവ്വീസിലൂടെയുള്ള പ്രൊമോഷൻ ഓപ്റ്റ് ചെയ്തിട്ടുണ്ട് |
| 2. | സി. ആനന്ദൻ | ചൈൽഡ് വെൽഫെയർ ഇൻസ്പെക്ടർ | 02-03-1958 | MA | MOP ,A/c test (L) 06/91 | 10-07-2008 | E7/5100/08 dt 10-07-2008 | |
| 3. | കെ. ആർ.പ്രദീപൻ | ചൈൽഡ് വെൽഫെയർ ഇൻസ്പെക്ടർ | 17-04-1972 | BCom | MOP ,A/c test (L) 06/96 | 10-07-2008 | ,, | മിനിസ്റ്റീരിയൽ സബോർഡിനേറ്റ് സർവ്വീസിലൂടെയുള്ള പ്രൊമോഷൻ ഓപ്റ്റ് ചെയ്തിട്ടുണ്ട് |
| 4. | പി. പ്രദീപ് | ചൈൽഡ് വെൽഫെയർ ഇൻസ്പെക്ടർ | 30-04-1972 | BCom | MOP ,A/c test (L) 05/95 | 10-07-2008 | ,, | മിനിസ്റ്റീരിയൽ സബോർഡിനേറ്റ് സർവ്വീസിലൂടെയുള്ള പ്രൊമോഷൻ ഓപ്റ്റ് ചെയ്തിട്ടുണ്ട് |
| 5. | എ.കെ. ഹരികുമാരൻ നായർ | ചൈൽഡ് വെൽഫെയർ ഇൻസ്പെക്ടർ | 20-05-1972 | SSLC | MOP ,A/c test (L) (H) 12/95 | 29-11-2008 | E7/5100/08 dt 29-11-2008 | മിനിസ്റ്റീരിയൽ സബോർഡിനേറ്റ് സർവ്വീസിലൂടെയുള്ള പ്രൊമോഷൻ ഓപ്റ്റ് ചെയ്തിട്ടുണ്ട് |
| 6. | എം. വേണുക്കുട്ടൻ | ചൈൽഡ് വെൽഫെയർ ഇൻസ്പെക്ടർ | 28-05-1965 | MCom | MOP ,A/c test (L) 06/92, KSPT | 29-11-2008 | ,, | മിനിസ്റ്റീരിയൽ സബോർഡിനേറ്റ് സർവ്വീസിലൂടെയുള്ള പ്രൊമോഷൻ ഓപ്റ്റ് ചെയ്തിട്ടുണ്ട് |
| 7. | കെ. മനോഹരൻ | ചൈൽഡ് വെൽഫെയർ ഇൻസ്പെക്ടർ | 28-05-1962 | MA | MOP ,A/c test (L) 12/94 | 29-11-2008 | ,, | മിനിസ്റ്റീരിയൽ സബോർഡിനേറ്റ് സർവ്വീസിലൂടെയുള്ള പ്രൊമോഷൻ ഓപ്റ്റ് ചെയ്തിട്ടുണ്ട് |
| 8. | കെ. ശ്രീകുമാർ | ചൈൽഡ് വെൽഫെയർ ഇൻസ്പെക്ടർ | 23-04-1963 | PDC | MOP ,A/c test (H) 12/95 | 29-11-2008 | ,, | |
| 9. | എ. പോൾരാജ് | ചൈൽഡ് വെൽഫെയർ ഇൻസ്പെക്ടർ | 10-03-1958 | BA, Type writing Eng& Mal (L) | MOP ,A/c test (L) 6/96 | 29-11-2008 | ,, | |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 10. | പി.പരമേശ്വരൻ | ചൈൽഡ് വെൽഫെയർ ഇൻസ്പെക്ടർ | 06-11-1964 | MA | MOP ,A/c test (L) 6/97 | 29-11-2008 | ,, | മിനിസ്റ്റീരിയൽ സബോർഡിനേറ്റ് സർവ്വീസിലൂടെയുള്ള പ്രൊമോഷൻ ഓപ്റ്റ് ചെയ്തിട്ടുണ്ട് |
| 11. | ജെ.മോഹൻദാസ് | ചൈൽഡ് വെൽഫെയർ ഇൻസ്പെക്ടർ | 20-05-1968 | SSLC, Type writing Eng (H) | MOP ,A/c test (H) 12/97 | 29-11-2008 | ,, | മിനിസ്റ്റീരിയൽ സബോർഡിനേറ്റ് സർവ്വീസിലൂടെയുള്ള പ്രൊമോഷൻ ഓപ്റ്റ് ചെയ്തിട്ടുണ്ട് |
| 12. | വി.ശ്രീകുമാർ | ചൈൽഡ് വെൽഫെയർ ഇൻസ്പെക്ടർ | 29-07-1961 | BCom | MOP ,A/c test (L) 6/95 | 10-02-2009 | E7/6000/2009 dt 10-02-2009 | |
| 13. | കെ.ജെ. ജോൺജോഷി | ചൈൽഡ് വെൽഫെയർ ഇൻസ്പെക്ടർ | 19-05-1971 | BA,MA Sociology, PG Diploma in industrial relation and personal management | MOP ,A/c test (L) 12/95, (H) 12/97, KSPT 12/96 | 04-02-2010 | | |
| 14. | ബീനാജോർജ്ജ് | ചൈൽഡ് വെൽഫെയർ ഇൻസ്പെക്ടർ | 31-05-1969 | BA Sociology, PG Diploma in industrial relation and Journalism | MOP ,A/c test (L) 06/96, (H) 12/96 | 04-02-2010 | | |
| 15. | പി. ഉണ്ണികൃഷ്ണൻ | ചൈൽഡ് വെൽഫെയർ ഇൻസ്പെക്ടർ | 03-04-1964 | BSc | MOP,A/c test (L) 12/96 | 19-06-2010 | E7/6000/2009 dt.19-06-2010 | 30-06-2011 ൽ അന്തരിച്ചു |
| 16. | എസ്സ്. ജയൻ | ചൈൽഡ് വെൽഫെയർ ഇൻസ്പെക്ടർ | 01-02-1970 | BSc | MOP,A/c test (L) 12/96 | 19-06-2010 | ,, | |
| 17. | സെബാസ്റ്റ്യൻ അഗസ്റ്റിൻ | ചൈൽഡ് വെൽഫെയർ ഇൻസ്പെക്ടർ | 09-02-1970 | BCom | MOP,A/c test (L) 06/96 | 19-06-2010 | ,, | |
| 18. | പി. എൻ. വിനോദ്കുമാർ | ചൈൽഡ് വെൽഫെയർ ഇൻസ്പെക്ടർ | 25-05-1972 | BA, TTC | MOP,A/c test (L) 12/96 | 19-06-2010 | ,, | |
| 19. | എം. ജയകുമാർ | ചൈൽഡ് വെൽഫെയർ ഇൻസ്പെക്ടർ | 15-05-1965 | PDC, Type writing Eng (L) | MOP,A/c test (L) 12/96 | 19-06-2010 | ,, | |
| 20. | റ്റി. ഫസലുദ്ദീൻ | ചൈൽഡ് വെൽഫെയർ ഇൻസ്പെക്ടർ | 30-05-1963 | MA, Type writing Eng (L) | MOP,A/c test (L) 06/99 | 09-09-2010 | E7/42016/2010 dt.09-09-2010 | |

സാമൂഹ്യനീതി ഡയറക്ടർക്കു വേണ്ടി